**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - കൊച്ചി നഗരസഭ - 24 എൽ.ഡി.സി/ബിൽ കളക്ടർ മാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

സ.ഉ.(സാധാ.)നം. 574/2017/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02.03.2017

=====================================================================

പരാമർശം : 1) ധന വകുപ്പിന്റെ 26.2.16 ലെ GO(P) 28/16/Fin നം. ഉത്തരവ്

2) നഗരകാര്യ ഡയറക്ടറുടെ 13.12.2016 തീയതിയിലെ ഇ 7-15437/2016 നം. കത്ത്

3) കൊച്ചി നഗരസഭ കൗൺസിലിന്റെ 21.06.2016 ലെ 1(B) നം.തീരുമാനം.

4) കൊച്ചി നഗരസഭ സെക്രട്ടറിയുടെ 01.07.2016 തീയ്യതിയിലെ ISO/PDI/621759/16 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ 2011 ലെ വാർഡ് വിഭജനത്തെത്തുടർന്ന് 50 റവന്യൂ ഡിവിഷനുകളെ 74 റവന്യൂ ഡിവിഷനുകളായി തിരിച്ച് പുനർനിർണ്ണയം ചെയ്തിട്ടുള്ളതിനാൽ നിലവിലുള്ള 50 എൽ.ഡി.സി/ബിൽ കളക്ടർ മാരുടെ സേവനം നഗരസഭയിലെ നികുതി പിരിവിന് മതിയാകാതെ വരുന്നതിനാൽ കൊച്ചി നഗരസഭയിൽ 24 എൽ.ഡി.സി/ ബിൽകളക്ടർ മാരെ 6 മാസത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 4 പ്രകാരം കൊച്ചി നഗരസഭ സെക്രട്ടറി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയിൽ പ്രസ്തുത തസ്തിക നിലവിലില്ലാത്തതിനാൽ ധന വകുപ്പിന്റെ പരാമർശം 1 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നഗരസഭകൗൺസിൽ തീരുമാനം അംഗീകരിച്ച് താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നുമുള്ള വ്യവസ്ഥയിൽ കൊച്ചി നഗരസഭയിൽ 24 എൽ.ഡി.സി/ബിൽ കളക്ടർ മാരെ 179 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം )

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം.

സെക്രട്ടറി , കൊച്ചി നഗരസഭ

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസിൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ